**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5415** **12-08-2021 - ൽ മറുപടിയ്ക്ക്**

**മുഗു സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ മുഗു സഹകരണ ബാങ്കിലെ പണമിടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് അറിയിക്കുമോ; ഇതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | മുഗു സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.എഫ്. 33-ന്റെ മുൻ സെക്രട്ടറിമാരും, ഭരണസമിതിയും ചട്ട വിരുദ്ധമായും, അനധികൃതമായും അംഗങ്ങൾക്കു വായ്പ നൽകിയതിലൂടെ ഭീമമായ തുക കുടിശ്ശിക വരുത്തുകയും ബാങ്ക് പ്രതിസന്ധിയിലാവുകയും ചെയ്തു. നൽകിയ വായ്പ വർഷാ വർഷം പലിശയോട് കൂടി പുതുക്കി നല്കിയതിനാലാണ് ഈട് വെച്ച ആസ്തിയെക്കാൾ കൂടുതൽ തുക വായ്പയായി മാറിയത്. ബാങ്കിലെ മുൻ സെക്രട്ടറിമാരായ ശ്രീ.നാരായണൻ നമ്പ്യാർ, ശ്രീ.ശങ്കര ഭട്ട്, മുൻ പ്രസിഡന്റ് എസ്. നാരായണ, പ്യൂൺ ശ്രീ. വാസു ബി. എന്നിവരാണ് ഉത്തരവാദികൾ. |
| (സി) | ഉത്തരവാദികളായവർക്കെതിരെ തുടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് 65,68 പ്രകാരമുള്ള അന്വേഷ ണങ്ങൾ നടത്തുകയും തുടർന്ന് വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിനെതിരെ മുൻ സെക്രട്ടറി ശ്രീ.നാരായണൻ നമ്പ്യാർ ബഹു.ഹൈക്കോടതി യിൽ നിന്നും നിലവിൽ സ്റ്റേ വാങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ